2014/58198/5
26.11.14

"ഭരണഭാഷ- മാതൃഭാഷ"

എൽ.ആർ.ബി3-39908/2014

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്,
മ്യൂസിയം ജംഗ്ഷൻ,
തിരുവനന്തപുരം,
തീയതി:30/10/2014.

ലാന്റ് റവന്യൂ കമ്മീഷണർ,
തിരുവനന്തപുരം.

ആഡിറ്റ് ഓഫീസർ,
എൽ.ബി.എ.റിവ്യൂ പാർട്ടി VIII (G & SSA)
അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയം,
കേരള, തിരുവനന്തപുരം.

സർ,

വിഷയം:- പഞ്ചായത്ത് കക്ഷികൾക്ക് നികുതി ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 03/09/2014-ലെ കത്ത്.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള ലാന്റ് ടാക്സ് ആക്ടിലെ വകുപ്പ് 2 പ്രകാരം സർക്കാർ വക ഭൂമി ഒഴികെയുള്ള എല്ലാ ഭൂമിയ്ക്കും ഇനം, തരം എന്നിവ കണക്കിലെടുക്കാതെ ഭൂവുടമകളിൽ നിന്നും പ്രതിവർഷം നികുതി ഈടാക്കുന്നതിന് സർക്കാരിന് അധികാരമുണ്ട്. ഇപ്രകാരം അടിസ്ഥാന ഭൂനികുതി നൽകുന്നതിന് ഓരോ പട്ടാദാരും ഭൂഉടമയും ബാദ്ധ്യസ്ഥനാണ്.

പഞ്ചായത്തിന്റെ തനത് പേരിൽ പോക്കുവരവ് ചെയ്തിട്ടുളളത്തും, രജിസ്റ്റേർഡ് കൈവശാധികാരി പഞ്ചായത്ത് ആണെങ്കിലും ഭൂനികുതി ഒടുക്കുന്നതിന് വകുപ്പിന് ബാദ്ധ്യതയുണ്ട്. കാരണം പഞ്ചായത്ത് എന്നത് തദ്ദേശ സ്വയംഭരണം നടത്തുന്ന സ്ഥാപനമാണ്. ആയതിനാൽ ടി സ്ഥാപനം ഗവൺമെന്റ് എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുത്താൻ കഴിയില്ല.

വിശ്വസ്തതയോടെ,

കമ്മീഷണർക്കുവേണ്ടി

പകർപ്പ്:-
എല്ലാ ...............
അറിവിനും അനന്തര നടപടികൾക്കുമായി.